## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 78 06.01.2014-ലെ മറുപടിക്ക്

## ടെൻ പോയിന്റ് ഡവലപ്മെന്റ് അജണ്ട

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. ടി. എം. തോമസ് ഐസക്ക് | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) സാം പിത്രോദയുടെ ടെൻ പോയിന്റ് ഡവലപ്മെന്റ് അജണ്ടയുടെ ഭാഗമായ എത്ര ശുപാർശകൾ നടപ്പിലാക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചിട്ടുണ്ട്; | (എ) നാഷണൽ ഇന്നവേഷൻ കൗൺസിലിന്റെ അദ്ധ്യക്ഷനും സംസ്ഥാനത്തിന്റെ മാർഗ്ഗദർശിയുമായ ശ്രീ. സാം പിട്രോഡ കേരളത്തിന്റെ സമഗ്ര വികസനത്തിനായി നിർദ്ദേശിച്ച 10 പദ്ധതികൾ താഴെ കൊടുക്കുന്നു.<br>1. കോസ്റ്റൽ നാവിഗേഷൻ<br>2. നോളജ് സിറ്റി<br>3. ആയുർവേദ<br>4. വേയ്സ്റ്റ് മാനേജ്മെന്റ്<br>5. ഇ - ഗവേണൻസ്<br>6. സ്കിൽ എൻഹാൻസ്മെന്റ് & വൊക്കേഷണൽ എഡ്യൂക്കേഷൻ<br>7. മെഡിക്കൽ ഇൻഷ്വറൻസ്<br>8. വിരമിച്ചവരുടെ വൈദഗ്ദ്ധ്യം സംസ്ഥാനത്തിന് ഗുണകരമാകും വിധം ഉപയോഗിക്കുക<br>9. പരമ്പരാഗത വ്യവസായങ്ങളുടെ ആധുനിക വൽക്കരണം<br>10. ഹൈസ്പീഡ് റെയിൽ കോറിഡോർ. |

**കോസ്റ്റൽ നാവിഗേഷൻ**

കോസ്റ്റൽ നാവിഗേഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ശ്രീ.ജെയിംസ് വർഗ്ഗീസ്, തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാൻ ആയി ഒരു സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി. കമ്മിറ്റി റിവ്യൂ മീറ്റിംഗ് നടത്തി കൊല്ലം ബേപ്പൂർ തുറമുഖത്തിന്റെ പൂർത്തീകരണത്തിന് മുൻതൂക്കം നൽകുവാൻ തീരുമാനിച്ചു.

**നോളജ് സിറ്റി**

ശ്രീ. പി. എച്ച്. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി വിവര സാങ്കേതിക വകുപ്പ് അദ്ധ്യക്ഷനായുള്ള സബ്കമ്മിറ്റി നോളജ് സിറ്റി സംബന്ധിച്ച് ഡി.പി.ആർ തയ്യാറാക്കുന്നതിനു വേണ്ടി നടപടി സ്വീകരിച്ചു.

**വേയ്സ്റ്റ് മാനേജ്മെന്റ്**

തദ്ദേശ സ്വയംഭരണ സെക്രട്ടറി ശ്രീ. രാജൻ കോബ്രഗഡേ, അദ്ധ്യക്ഷനായുള്ള സബ്കമ്മിറ്റിയിൽ, തിരുവനന്തപുരത്ത് ചാലയിൽ ആധുനിക മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇ-ഗവേണൻസ്**

ശ്രീ. വി. സോമസുന്ദരൻ, അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സബ്കമ്മിറ്റി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1) ആധാർ
2) ഇ - ഡിസ്ടിക്റ്റ് കേരള
3) ഇ - ഗവൺമെന്റ് പ്രൊക്യുവർമെന്റ്
4) സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ്‌വെ.
5) കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്
6) സ്റ്റേറ്റ് ഡേറ്റാ സെന്റർ.
7) കേരള സ്റ്റേറ്റ് സ്പെഷ്യൽ ഡേറ്റാ ഇൽഫ്രാസ്ട്രക്ചർ
8) മൊബൈൽ ഗവേണൻസ്
9) കമ്പ്യൂട്ടർ എമർജൻസി & റെസ്പോൺസ് ടിം കേരള.
10. വീഡിയോ കോൺഫറൻസ്.

മറ്റ് പദ്ധതികൾ സംബന്ധിച്ച് വ്യത്യസ്ഥമായ തലത്തിൽ നടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി) 24/07/2013-ലെ മന്ത്രിസഭാ യോഗം തീരുമാനമനുസരിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ?

(ബി) "വിരമിച്ചവരുടെ വൈദഗ്ദ്യം സംസ്ഥാനത്തിന് ഗുണകരമാകും വിധം ഉപയോഗിക്കുക" എന്ന പ്രോജക്ടിന്റെ റിപ്പോർട്ടിന് മന്ത്രിസഭാ യോഗം അംഗീകാരം നൽകിയിട്ടുണ്ട്". 24/07/2013-ലെ മന്ത്രിസഭാ യോഗം തീരുമാനമനുസരിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു.

സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**

Abstract

Planning & Economic Affairs Department - Effective Use of Expertise of Retired Officials in Kerala - forming of Consortium of Retired Experts for Development' (CRED) as a Company -approved - Orders Issued.

**PLANNING & ECONOMIC AFFAIRS (A) DEPARTMENT**

G.O. (MS) No.38/2013/Plg Thiruvananthapuram, Dated : 26.07.2013

Read: - 1. G.O (Rt) No. 265/12/Plg. Dated 5.7.2012.
2. Review Meeting held by the Chief Minister on 18.01.2013.

**ORDER**

"Effective Use of Expertise of Retired Officials in Kerala", is one of the ten areas identified under the "CM - Sam Pitroda initiatives" for the development of Kerala. The Subcommittee constituted as per G. O. read as 1st paper above under the Chairmanship of Principal Secretary, Planning and Economic Affairs Department prepared a business plan for the effective use of expertise of Retired Officials in Kerala.

2. Government are pleased to approve the proposal for Effective Use of Expertise of Retired Officials in Kerala. For this purpose a Company in Public Private Participation mode (26% Public share) viz: the 'Consortium of Retired Experts for Development' (CRED) will be established. This company will provide a platform to mobilize and supply the expertise of the retired employees from the Government as well as non-Government sector, above 56 years of age, for building capacity and delivering value added services to all development sectors and providing the retired employees productive employment.

3. The main source of human resource and financial resource for the Company will be the retired employees. The Company would mobilize capital by selling shares to Government (26%) as well as to retired employees. The Government share is meant for seed money and there is no other financial commitment by Government.

4. The Company will have a Board of Directors not exceeding nine with Minister for Planning as Chairman. The Secretary, Planning and Economic Affairs shall be the Vice -Chairman. Seven experts from diverse fields will be elected to the Board of Directors. There will not be any permanent post in the Company. A retired person from the State Government service, with vision, creativity and social commitment, shall be appointed as the Managing Director of the Company.

By Order of the Governor,

RACHNA SHAH,

SECRETARY TO GOVERNMENT.

To

The Member Secretary, State Planning Board, Thiruvananthapuram.
The Principal Secretary, Finance.
The Accountant General (A&E)/(Audit), Thiruvananthapuram.
The Finance Department. (Vide U.O (f) No. 35760/Exp.A3/13/Fin.)
The General Administration (SC) Department (Vide Item No. 3951 dated: 24.07.13)

Copy to :-

P.S to Chief Minister & all other Ministers
A.S to Chief Secretary
P.A to Secretary (Planning)
C.A to Additional Secretary (Planning)
Director, I & PRD
Planning & Economic Affairs (CPMU) Department
Stock File/Office Copy.

**Forwarded/By Order,**

**Section Officer.**